**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **21-01-2021 - ൽ മറുപടിയ്ക്ക്**

**ലോട്ടറി വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി സംസ്ഥാന ലോട്ടറി വില്പനയെ എപ്രകാരമാണ് ബാധിച്ചത്; വിശദമാക്കുമോ; | (എ) | മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ മുഴവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ) എന്നിവയുൾപ്പെടെ നില വിൽ ഏകദേശം 160ഓളം ഭാഗ്യക്കുറികൾ റദ്ദ ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാ ഘാതം സൃഷ്ടിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും ദുർബല വിഭാഗമായ ഭാഗ്യക്കുറി വില്പനക്കാർക്ക് സർക്കാർ പരമാവധി സഹായം നൽകിയിട്ടുണ്ട്. ലോക് ഡൗണിന് ശേഷം ഘട്ടം ഘട്ടമായി വ്യാപാരം പുനസ്ഥാപി ക്കുന്നതിന് സർക്കാർ സന്തുലിതമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ലോട്ടറിയുടെ ആകർഷണീയത കൂട്ടി വില്പന ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തു കയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിച്ചു കൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020മുതൽ 12% ത്തിൽ നിന്നും 28% മായി കേന്ദ്ര സർക്കാർ ഉയർത്തു കയും അതിന്റെ ഭാഗമായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിച്ചു കൊണ്ട് സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തിയും ഏകദേശം 58.5% തുക |

പൊതുജനങ്ങൾക്ക് സമ്മാനമായി നൽകത്തക്കവിധത്തിലും സമ്മാനഘടന അത്യന്തം ആകർഷക മാക്കി പരിഷ്ക്കരിച്ചു. ഇപ്രകാരം പരിഷ്ക്ക രിച്ച സമ്മാനഘടന 01.03.2020ലെ പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-മത് നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി ഏജന്റു മാർക്ക് ടിക്കറ്റുകൾ വാങ്ങുന്നതിലേക്കായി അനുവദിച്ചിരുന്ന ഡിസ്കൗണ്ട് സ്ലാബിലും താഴെപ്പറയും പ്രകാരം പരിഷ്ക്കരണം നട ത്തിയിട്ടുണ്ട്. 2000 ടിക്കറ്റുകൾ വരെ - 23.5% 2001 മുതൽ 8400 വരെ - 24.25% 8400ന് മുകളിൽ - 25% ഈ വിധം നടപ്പാക്കിയ മാറ്റങ്ങളിലൂടെ ടിക്കറ്റുകളുടെ വിൽപ്പന ത്വരിതപ്പെടുത്തു വാനും വകുപ്പിന് സാധിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി 2021-22 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചുവടെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. 100 രൂപയുടെ സമ്മാനങ്ങൾക്ക് നൽകുന്ന ഏജന്റ്സ് പ്രൈസ് 10 രൂപയിൽ നിന്നും 20 രൂപയാക്കുന്നതും, മറ്റെല്ലാ സമ്മാനങ്ങളി ന്മേലുള്ള ഏജന്റ്സ് പ്രൈസും 12 ശതമാനമായി വർദ്ധിപ്പിക്കുന്നതും എല്ലാ സ്ലാബിലുമുള്ള ഡിസ്കൗണ്ട് അര ശതമാനം വീതം വർദ്ധിപ്പിക്കുന്നതും, ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്ന തിനായി ലൈഫ് ബംബർ ഭാഗ്യക്കുറി നടത്തുന്നതുമാണ്. ഇതിന്റെ നറുക്കെടുപ്പ് അടുത്ത മാർച്ച് മാസത്തിൽ നടത്തുന്ന താണ്. ഏജന്റ് മരണപ്പെടുന്ന സാഹചര്യമു ണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകുന്നതിന് ആവശ്യമായ ചട്ട ഭേദഗതികൾ കൊണ്ടു വരുന്നതാണ്. ബാങ്ക് ഗ്യാരണ്ടയിന്മേൽ ഏജന്റുമാർക്ക് ബംബർ ടിക്കറ്റുകൾ നൽകുന്നതാണ്. ഇതിന് ആവശ്യമായ സോഫ്റ്റ് വെയർ പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. ജി.എസ്.ടി ഓൺലൈനായി ഒടുക്കുന്നതിന് സംവിധാനമുണ്ടാക്കും. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരു ടെയും ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വന്നിരുന്ന വിവിധ ധനസഹായ ങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. വിവാഹ ധന സഹായം 5,000 -ത്തിൽ നിന്നും 25,000 രൂപയായും പ്രസവാനുകൂല്യം 5,000 -ത്തിൽ നിന്നും 10,000 രൂപയായും പ്രത്യേക ചികിത്സാ സഹായം 20,000 -ത്തിൽ നിന്നും 50,000 രൂപയായും ചികിത്സാ ധന സഹായം 3,000 രൂപയിൽ നിന്നും 5,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി മുതൽ ബിരുദ-ബിരുദാനന്തര തലം വരെയും പ്രൊഫഷണൽ കോഴ്സുകൾക്കും പ്രതിവർഷ

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് കൊണ്ടു വന്നു. 1,500 രൂപ മുതൽ 7,000 രൂപ വരെയാണ് വിവിധ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ്. |
| (സി) | കോവിഡ് കാലയളവിൽ ഒരു കോടിയിൽ കൂടുതൽ ടിക്കറ്റുകൾ ഏതെങ്കിലും ലോട്ടറിയിലൂടെ വിറ്റിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ;ലോട്ടറികളുടെ വിശദാംശം നൽകുമോ? | (സി) | കോവിഡ് കാലയളവിൽ ഒരു കോടിയിൽ കൂടുതൽ ടിക്കറ്റുകൾ വിൽപ്പന നടത്തി യിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നറുക്കെടുപ്പ് തീയതി ഭാഗ്യക്കുറി അച്ചടിച്ച ടിക്കറ്റുകളുടെ എണ്ണം വിറ്റഴിച്ച ടിക്കറ്റുകളുടെ എണ്ണം 23.11.2020 വിൻ -വിൻ (W-591) 10020000 10020000 25.11.2020 അക്ഷയ (AK-473) 10020000 10009675 30.11.2020 വിൻ -വിൻ (W-592) 10020000 10020000 |

സെക്ഷൻ ഓഫീസർ